# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T.3038** **10.03.2017-ൽ മറുപടിയ്ക്ക്**

## കാർഷിക വായ്പകൾക്ക് മോറട്ടോറിയം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. വി. എസ്. ശിവകുമാർ | ശ്രീ.ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | കാർഷിക വായ്പകൾക്ക് മെയ് 31 വരെ മോറട്ടോറിയം പ്രഖ്യാപിച്ചെങ്കിലും ആയത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചിട്ടില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കുലർ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | 19/ 12/ 2016 ലെ സ . ഉ (എം .എസ്) നം 598/ 16/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധവായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2017 മെയ് 31 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ മറ്റൊരു സർക്കുലറിന്റെ ആവശ്യകത ഇല്ല. |
| (ബി) | മോറട്ടോറിയം പ്രഖ്യാപിച്ചതിനെത്തുടർന്ന് കാർഷിക വായ്പ തിരിച്ചടയ്ക്കാത്ത കർഷകർക്കെതിരെ ജപ്തി നടപടികൾ ആരംഭിച്ചതായി ദൃശ്യമാദ്ധ്യമങ്ങളിൽ വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ ഇക്കാര്യത്തിലാവശ്യമായ അടിയന്തിര തുടർ നടപടികൾ സ്വീകിരിക്കുമോ? | മോറട്ടോറിയം പ്രഖ്യാപിച്ചശേഷം ഇത്തരം നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ